പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1016

28.04.2017-ൽ
മറുപടിക്ക്

നെൽവയൽ-തണ്ണീർത്തട സംരക്ഷണനയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഉമ്മർ | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ - തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വിശദമാക്കാമോ; | (എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്ന 12.08.2008 മുതൽ സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തു സൂക്ഷിക്കേണ്ടതും, അപ്രകാരമുള്ള തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്ന് മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ് എന്ന് ടി ആക്ടിലെ സെക്ഷൻ 11-ൽ നിഷ്കർഷിച്ചിട്ടുണ്ട്. നെൽവയലുകൾ പ്രസ്തുത നിയമത്തിൽ നിഷ്കർഷിക്കുന്ന രീതിയിൽ മാത്രം പൊതു ആവശ്യത്തിനും വീട് വയ്ക്കുന്നതിനുമായി രൂപാന്തരപ്പെടുത്താവുന്നതാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതം നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) നെൽവയൽ തണ്ണീർത്തട നിയമത്തിൽ മാറ്റം കൊണ്ടുവന്ന സാഹചര്യത്തിൽ, അനുമതി കൂടാതെ മണ്ണിട്ട് നികത്തിയും എന്നാൽ പരാതിയുടെ അടിസ്ഥാന | (ബി) അത്തരം കേസുകളിൽ ബന്ധപ്പെട്ട കക്ഷികളെ വിചാരണ നടത്തിയ ശേഷം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008, 13-ാം വകുപ്പ് |

ത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ ഒന്നും നടത്താതിരി ക്കുകയും ചെയ്യുന്ന നെൽ വയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് വിശദമാക്കാമോ;

പ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കാൻ നിയമലംഘനം നടത്തിയ വ്യക്തിയോട് ആവശ്യപ്പെടുകയും നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർവ്വസ്ഥിതിയിലാക്കാത്ത സാഹചര്യത്തിൽ നിലം പൂർവ്വസ്ഥിതിയിലാക്കി. ആയതിന്റെ ചിലവ് പ്രസ്തുത കക്ഷിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കി വരികയും ചെയ്യുന്നു. . 2008-നു മുമ്പ് നികത്തപ്പെട്ട വയലുകൾ ക്രമവത്ക്കരിച്ച് കൊണ്ട് നിലവിൽ വന്ന വകുപ്പ് '3 എ' ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിൻവലിച്ചിട്ടുള്ളതാണ്. ഇതല്ലാതെ നെൽവയൽ തണ്ണീർത്തട നിയമത്തിൽ മറ്റ് മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടുള്ളതല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ-തണ്ണീർത്തട നിയമത്തിലെ സെക്ഷൻ 13 പ്രകാരം മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(സി) കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം, 13-ാം വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ആർ.ഡി.ഒ മാർ ശുപാർശ ചെയ്യുന്ന കേസുകളിൽ ആവശ്യമായ റിപ്പോർട്ട് ലഭ്യമാക്കി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർമാർ ഉത്തരവ് പുറപ്പെടുവിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**